# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6026** — **10/07/2012**-ൽ മറുപടിക്ക്

### ജില്ലാടിസ്ഥാനത്തിൽ മിനി മ്യൂസിയങ്ങൾ

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെ ആധുനികവത്കരണം സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ; | (എ) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നീ മൂന്നു മ്യൂസിയങ്ങളുടെ ആധുനിക വൽക്കരണം/ സംരക്ഷണം സംബന്ധിച്ച് ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ടും കൂടാതെ പ്രസ്തുത മൂന്ന് മ്യൂസിയങ്ങളുടെ ശാസ്ത്രീയമായ നവീകരണപ്രവർത്തനങ്ങൾക്കായി 13 കോടി 79 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ ; | (ബി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പ്രസ്തുത മ്യൂസിയങ്ങളുടെ പ്രാഥമികമായ അടിസ്ഥാന സൗകര്യ . വികസനത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ജില്ലാടിസ്ഥാനത്തിൽ പ്രാദേശിക പ്രാധാന്യം . നൽകി മിനി മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ശ്രമമുണ്ടാകുമോ ? | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ജില്ലാ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനായി 14 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പ്രാദേശിക പ്രാധാന്യം നൽകി മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ